## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** | **07-10-2024 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഫാർമ ഹബ്ബ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മികച്ചൊരു ഫാർമ ഹബ്ബാക്കി മാറ്റുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനെ വൻകിട മരുന്നു നിർമ്മാണ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നോൺബീറ്റാ ലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് പൂർത്തീകരിച്ച് വ്യാവസായിക ഉല്പാദനം ആരംഭിച്ചു. LVP – SVP ഒഫ്താൽമിക് മരുന്നുകൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br><br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ക്യാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്ന് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽവരുന്ന കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാണ്. വൈറസ് മൂലമുള്ള പകർച്ചവ്യാധികളുടെ രോഗനിർണയം, ഗവേഷണം, രോഗ നിയന്ത്രണം എന്നിവയ്ക്കുള്ള സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നു.<br><br>നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ, കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി നിർമ്മിക്കുന്ന പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾക്കു മുൻതൂക്കം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 28/08/2024 ന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1,710 ഏക്കർ വ്യാപിച്ചു കിടക്കുന്ന പദ്ധതിയിൽ, 420 ഏക്കർ ഭൂമി ഫാർമസ്യൂട്ടിക്കൽസ്, എക്യുപ്മെന്റ്സ്, മെഡിസിനൽ |

| | | | |
|---|---|---|---|
| | | | കെമിക്കൽസ്, ബൊട്ടാണിക്കൽ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നു.<br><br>മേൽ പദ്ധതികളിലൂടെ ഗുണ നിലവാരമുള്ള മരുന്നുകൾ മിതമായ നിരക്കിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കഴിയുന്നതാണ്.. |
| (ബി) | ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിനെ വൻകിട മരുന്നു നിർമ്മാണ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നോൺബീറ്റാ ലാക്ടം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് പൂർത്തീകരിച്ച് വ്യാവസായിക ഉല്പാദനം ആരംഭിച്ചു. LVP – SVP ഒപ്താൽമിക് മരുന്നുകൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br><br>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ക്യാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്ന് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി-യുടെ കീഴിൽവരുന്ന കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാണ്. വൈറസ് മൂലമുള്ള പകർച്ചവ്യാധികളുടെ രോഗനിർണയം, ഗവേഷണം, രോഗ നിയന്ത്രണം എന്നിവയ്ക്കുള്ള സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നു.<br><br>നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ, കൊച്ചി ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി നിർമ്മിക്കുന്ന പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾക്കു മുൻതൂക്കം നൽകുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 28/08/2024 ന കേന്ദ്രസർക്കാർ അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലായി 1,710 ഏക്കർ വ്യാപിച്ചു കിടക്കുന്ന പദ്ധതിയിൽ, 420 ഏക്കർ ഭൂമി ഫാർമസ്യൂട്ടിക്കൽസ്, എക്യുപ്മെന്റ്സ്, മെഡിസിനൽ കെമിക്കൽസ്, ബൊട്ടാണിക്കൽ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നു.<br><br>മേൽ പദ്ധതികളിലൂടെ ഗുണ നിലവാരമുള്ള മരുന്നുകൾ മിതമായ നിരക്കിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ